'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല - കുമളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. ശശികുമാർ, യു.ഡി. ക്ലാർക്ക് ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.835/2019/LSGD തീയതി,തിരുവനന്തപുരം, 09/04/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.12.2014-ലെ ഇ6-എസ് സി 13/14/ഐഡികെ/24945/2014നമ്പർ റിപ്പോർട്ട്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 24.02.2015-ലെ 617/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 07.10.2015-ലെ 17/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. എം.പി. ശശികുമാർ, ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർ 29.12.2015-ൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 25.09.2017-ലെ ഡി8-37807/2015നമ്പർ കത്ത്

**ഉത്തരവ്**

കുമളി അട്ടപ്പള്ളം തോട് കൈയ്യേറി കെട്ടിടനിർമ്മാണം നടത്തുന്നു എന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കുമളി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ പി. തങ്കവേലു, S/o പാൽരാജ്, വിശ്വനാഥപുരം 6 8 മൈൽ, കുമളി - എന്ന സ്വകാര്യ വ്യക്തി ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിലെ VIII/171, 171(1), 171(2) എന്നീ കെട്ടിടങ്ങൾ പത്തുമുറി - തേക്കടി നീരൊഴുക്ക തോടിന്റെ സംരക്ഷണ ഭിത്തി കെട്ടിട ഭിത്തിയായി ഉയർത്തിക്കെട്ടി കെട്ടിടം പണിതതായും ടി കെട്ടിട നിർമ്മാണം മതിയായ അനുമതിയോ, അനുമതിപത്രമോ പഞ്ചായത്തിൽ നിന്നും വാങ്ങാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും ചെയ്ത നിർമ്മാണത്തിന് പഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനന്തകൃഷ്ണൻ പി.റ്റി. കുമളി പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട കെട്ടിടനിർമ്മാണ സ്ഥലത്ത് നേരിട്ട് ചെന്ന് ബോധ്യപ്പെട്ട് Assessment Report തയ്യാറാക്കാൻ ബാധ്യതപ്പെട്ടയാളായിട്ടും ടിയാൻ ശ്രീ പി. തങ്കവേലുവിന് ഒത്താശ ചെയ്ത് കൊടുക്കുന്ന തരത്തിൽ പ്രവർത്തിച്ച് ഒരു Assessment Report തയ്യാറാക്കി ശ്രീ പി. തങ്കവേലുവിന് സഹായകരമായ വിധത്തിൽ കെട്ടിട നമ്പറിട്ടും നികുതി നിർണ്ണയിച്ചും അംഗീകാരത്തിനായി സെക്രട്ടറിക്ക് റിപ്പോർട്ട് കൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ നൽകുകയും നികുതി നിർണ്ണയിക്കുകയും ചെയ്തതായും അസ്സസ്മെന്റ് റിപ്പോർട്ട് പരിശോധിച്ചും കെട്ടിടം നിർമ്മിച്ച സ്ഥലവും നിർമ്മാണ പ്രവർത്തികളും പരിശോധിച്ചും വ്യക്തമായ അംഗീകാരം നൽകാൻ ബാധ്യതപ്പെട്ട സെക്രട്ടറിയായ ശ്രീ. എസ്. പ്രസാദ് അപ്രകാരം ചെയ്യാതെ യു.ഡി. ക്ലാർക്ക്, ശ്രീ. അനന്തകൃഷ്ണൻ

നൽകിയ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലും ശ്രീ. പി. തങ്കവേലു, ശ്രീ. അനന്തകൃഷ്ണൻ എന്നിവർ നടത്തിയ വ്യക്തമായ അഴിമതിക്ക് അനുകൂലമായ ഒരു നടപടിയിലൂടെ നികുതി നിർണ്ണയം അംഗീകരിക്കുകയും ചെയ്തതായും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. 08.11.2012 മുതൽ കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.പി. ശശികുമാറിന് തോട്ടുപുറമ്പോക്ക് കയ്യേറിയാണ് കെട്ടിടം പണിതതെന്ന് വ്യക്തമായി അറിയാമായിരുന്നിട്ടും അട്ടപ്പള്ളം തോട് കയ്യേറി നിർമ്മിച്ച അനധികൃത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കൊടുത്ത നോട്ടീസിന്മേൽ തുടർനടപടി സ്വീകരിക്കാതിരിക്കുക വഴി ശ്രീ. എം.പി. ശശികുമാറിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നതായും കൂടാതെ മിന്നൽ പരിശോധന വേളയിൽ ടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷാ ഫയൽ ഹാജരാക്കിയില്ലെന്നും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി ക്യാഷ് രേഖപ്പെടുത്തിയിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് സെക്രട്ടറിമാരായ ശ്രീ. എം.പി. ശശികുമാർ, ശ്രീ.എസ് പ്രസാദ്, യു.ഡി. ക്ലാർക്ക് ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

കുറ്റപത്രത്തിന് ശ്രീ. എം.പി. ശശികുമാർ, ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. പി. തങ്കവേലു എന്നയാൾ തോടിനോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തിയതും അതിൻമേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച് ശ്രീ.എം.പി ശശികുമാർ സമർപ്പിച്ച എതിർവാദപത്രിക വിശദമായി പരിശോധിച്ചതിൽ 17.11.12-നാണ് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതെന്നും അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എസ്.പ്രസാദാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നും കെട്ടിട നമ്പർ അനുവദിച്ചത് ക്രമപ്രകാരമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.എസ് പ്രസാദ് കൊല്ലം ജില്ലയിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ നിന്നും 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷമാണ് കുറ്റപത്രം നൽകിയിട്ടുള്ളതെന്നും പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നില 40.28 ച. മീറ്ററും മുകൾ നില 54.25 ച.മീറ്ററും വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെന്നും താഴത്തെ നിലക്ക് 8/171 (1) എന്നും മുകൾ നിലക്ക് 8/17 1 (2) എന്ന നമ്പറുമാണ് നൽകിയിട്ടുള്ളതെന്നും തുടർന്ന് അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി ലഭിച്ചതിനെ തുടർന്ന് 18.2.13-ൽ എ.1700/13 നമ്പരായി ശ്രീ. തങ്കവേലുവിന് കേരള പഞ്ചായത്ത് രാജ് നിയമം 235 (W) പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെന്നും അതിനുശേഷം കാര്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തോട് പുറമ്പോക്കിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് കുമളി വില്ലേജ് ഓഫീസർക്ക് 27.6.2014-ൽ എ1-3773/14 നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്നും വില്ലേജ് ഓഫീസറുടെ മറുപടി ലഭിക്കാത്തതിനെത്തുടർന്ന് പഞ്ചായത്ത് തീരുമാനപ്രകാരം തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ഈ വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് 8.02.16-ലെ ബി3-12466/15 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതാണെന്നും, 8.2.16-ലെ ബി3-11066/15 നമ്പരായി പീരുമേട് തഹസീൽദാർക്ക് ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതായി കാണുന്നുവെന്നും 1994-ലെ കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 235 (W) പ്രകാരം വീണ്ടും ടി കെട്ടിടം പൊളിച്ചുമാറ്റുവാൻ തുടർനോട്ടീസ് 11.5.16-ൽ നൽകിയിട്ടുള്ളതാണെന്നും കൂടാതെ കെട്ടിട നമ്പർ

അനുവദിക്കുന്നതിന് മുമ്പ് തന്നെ തോട് സൈഡ് വാൾ കൈയ്യേറിയതായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ടെന്നും ശ്രീ. എം.പി. ശശികുമാർ 31.5.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാണെന്നും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഇപ്പോൾ യഥാസമയം ക്യാഷ് ഡിക്ലയർ ചെയ്ത് വരുന്നതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. തങ്കവേലു തന്റെ വീടിന് കരം നിശ്ചയിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയോടൊപ്പം ടിയാന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ 9.2.1995-ലെ 377/1/95 നമ്പർ ആധാരത്തിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ്, കരം അടച്ച രസീതിന്റെ പകർപ്പ്, വീടിന്റെ പ്ലാൻ എന്നിവ സമർപ്പിച്ചിരുന്നുവെന്നും കുമളി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണം എന്ന സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ ബിൽഡിംഗ് അസ്സസ്മെൻറ് സെക്ഷന്റെ ചുമതല ആദ്യമായാണ് ഏറ്റെടുത്തതെന്ന മറുപടി ശരിയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് കെട്ടിട നമ്പർ ലഭിക്കണമെന്ന അപേക്ഷ പരിഗണിച്ച കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 2011 പ്രകാരം 300 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് പെർമിറ്റ് എടുക്കുന്നതിൽ ഒഴിവാക്കിയിട്ടുള്ളതാണെന്നും അപേക്ഷകന്റെ വീടിന്റെ വിസ്തീർണ്ണം, വീടിന്റെ പ്ലാൻ പ്രകാരം 94.53 ച.മീറ്റർ മാത്രമാണുള്ളതെന്നും ആയതിനാൽ നമ്പരിട്ട് നൽകാവുന്നതാണെന്ന് സെക്രട്ടറിയിൽ നിന്ന് നിർദ്ദേശം ലഭിച്ചതായി മറുപടിയിൽ പറയുന്നുവെങ്കിലും ആയത് രേഖയിൽ കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് നമ്പർ നൽകി ഏകദേശം 4 മാസങ്ങൾക്ക് ശേഷം അയൽവാസികളിൽ നിന്നും തങ്കവേലുവിന്റെ നിർമ്മാണത്തെ കുറിച്ച് പഞ്ചായത്തിന് ലഭിച്ച പരാതി പ്രകാരം ശ്രീ. അനന്ദകൃഷ്ണൻ സ്ഥലത്ത് പോയി അന്വേഷിച്ചതിൽ കെട്ടിടത്തിന്റെ പുറക് വശത്തെ ഭിത്തി തോടിന്റെ കെട്ടിനോട് വളരെ ചേർന്നിരിക്കുന്നുവെന്ന് കാണുകയുമുണ്ടായിയെന്നും ആയത് റിപ്പോർട്ട് ചെയ്തത് പ്രകാരം ടി കെട്ടിടത്തിന്റെ ഭാഗം പൊളിച്ചുമാറ്റി പഴയ രീതിയിലാക്കണമെന്ന് സൂചിപ്പിച്ച് 18.02.2013 തീയതിയിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 236(W)1 പ്രകാരം ശ്രീ. തങ്കവേലുവിന് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകുകയും വീടിന്റെ നിർമ്മാണം അനധികൃതമാണെന്ന് സൂചിപ്പിച്ച് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് കാണിച്ച് കെ.എസ്. ഇ.ബി. കുമളി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുള്ളത് ശരിയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. എം.പി. ശശികുമാർ, ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തോട് പുറമ്പോക്കിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് കുമളി വില്ലേജ് ഓഫീസർക്ക് 27.6.2014-ൽ എ1-3773/14 നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്നും വില്ലേജ് ഓഫീസറുടെ മറുപടി ലഭിക്കാത്തതിനെത്തുടർന്ന് പഞ്ചായത്ത് തീരുമാന പ്രകാരം തഹസീൽദാർക്ക് കത്ത്

നൽകിയെന്നും ഈ വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് 08.02.16-ലെ ബി3-12466/15 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതാണെന്നും, 8.2.16-ലെ ബി3-11066/15 നമ്പരായി പീരുമേട് തഹസീൽദാർക്ക് ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതായി കാണുന്നുവെന്നും 1994-ലെ കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 235 (W) പ്രകാരം വീണ്ടും ടി കെട്ടിടം പൊളിച്ചുമാറ്റുവാൻ സെക്രട്ടറി ശ്രീ. എം.പി. ശശികുമാർ തുടർനോട്ടീസ് 11.5.16-ൽ നൽകിയിട്ടുള്ളതാണെന്നും ശ്രീ. എം.പി. ശശികുമാർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും, കൂടാതെ ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുമളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. ശശികുമാർ, മുൻ യു.ഡി. ക്ലാർക്ക് ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S MOHANDAS
ADDITIONAL SECRETARY

പകർപ്പ്

1. ശ്രീ. എം.പി. ശശികുമാർ, മുൻ സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീ. പി.റ്റി. അനന്തകൃഷ്ണൻ, മുൻ യു.ഡി. ക്ലാർക്ക്, കുമളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി3/911/2018-വിജി.

തീയതി 19.01.2019 പ്രകാരം)

File No.LSGD-EPB2/17/2015-LSGD

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/17/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ